Email:
contact.seckerala@gmail.com
electionker@gmail.com

# പത്രക്കുറിപ്പ്

TELEPHONE: 0471-2321233
MOBILE :8281000127

www.sec.kerala.gov.in

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

15th May 2017

## കണ്ഴ ഗ്രാമ പഞ്ചായത്ത് അംഗത്തെ അയോഗ്യനാക്കി.

കോട്ടയം: കങ്ങഴ ഗ്രാമ പഞ്ചായത്തിലെ 05-ാം വാർഡിൽ നിന്നും ഇന്ത്യൻ നാഷണൽ കോൺഗ്രസ് സ്ഥാനാർത്ഥിയായി മത്സരിച്ച് വിജയിച്ച കെ.എം. ജോസഫിനെ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ വി.ഭാസ്കരൻ അയോഗ്യനാക്കി. കൂറുമാറ്റ നിരോധന നിയമ പ്രകാരം 2017 മേയ് 12 മുതൽ ആറു വർഷത്തേക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കു മൽസരിക്കുന്നതിൽ നിന്നുമാണ് വിലക്ക്.

രണ്ടായിരത്തി പതിനഞ്ചിലെ കങ്ങഴ ഗ്രാമ പഞ്ചായത്ത് തിരഞ്ഞടുപ്പിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ സ്ഥാനാർത്ഥിയായി മത്സരിച്ച് വിജയിക്കുകയും നവംബർ 19ന് നടന്ന പഞ്ചായത്ത് പ്രസിഡന്റ് തിരഞ്ഞെടുപ്പിൽ എൽ.ഡി.എഫിന്റെ പ്രസിഡന്റ് സ്ഥാനാർത്ഥിയെ വോട്ടു ചെയ്ത് വിജയിപ്പിക്കുകയും ചെയ്തിരുന്നു. കോൺഗ്രസിന്റെ വിപ്പ് ലംഘിച്ച് എതിർപാർട്ടിക്ക് അനുകൂലമായി കെ.എം. ജോസഫ് വോട്ടു ചെയ്ത നടപടിയ്ക്കെതിരെ സുരേഷ് പിള്ള സമർപ്പിച്ച ഹർജി പരിഗണിച്ചാണ് കമ്മീഷന്റെ നടപടി. 15 വാർഡുകളാണ് കങ്ങഴ ഗ്രാമ പഞ്ചായത്തിലുള്ളത്. കോൺഗ്രസ് 6 സി.പി.ഐ(എം) 4 സി.പി.ഐ 2 ബി.ജെ.പി 1 കേരള കോൺ( എം) 1 സ്വതന്ത്രൻ 1 എന്നിങ്ങനെയാണ് കക്ഷിനില.

*(എസ്.ഇ.സി. 21/2017)*